(ഡി) ചങ്ങനാശ്ശേരി ബസ്സ്റ്റേഷനിലെ സ്ഥലദൗർലഭ്യവും കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും ഇത്തരമൊരു നിർമ്മാണ പ്രവർത്തനം അനുവദിക്കാത്ത സാഹചര്യമാണുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) വർക്ക്ഷോപ്പിലെ വയറിംഗിന് 6 വർഷത്തെ പഴക്കമേയുള്ളൂ എങ്കിൽ തന്നെയും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) പ്രവർത്തനക്ഷമമാക്കുവാൻ വേണ്ടതു ചെയ്യുന്നതാണ്.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

ട്രാം സർവ്വീസ്

62 (3594) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ റോഡ് ഗതാഗതത്തിനു പുറമേ ട്രാം സർവ്വീസോ സമാനമായ മറ്റു ഗതാഗത സർവ്വീസോ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്താണെന്നും എന്ന് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇങ്ങനെയുള്ള ഗതാഗത സർവ്വീസ് ആരംഭിക്കുന്നതിന് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു ഏജൻസിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

കോട്ടയം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ മുടങ്ങുന്ന വിവരം

63 (3595) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസുകളുടെ കുറവുമൂലം കോട്ടയം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ മുടങ്ങുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സർവ്വീസുകളാണ് മുടങ്ങിയിട്ടുള്ളതെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly